ശ്രീ. കെ. കൊച്ചുകുട്ടൻ : ഗ്രാൻറ് നൽകുന്നില്ലെന്ന് തീരുമാനിച്ചില്ല. ഇതുവരെ നൽകിയിട്ടില്ലെന്നേ പറഞ്ഞുള്ളൂ. അതുസംബന്ധിച്ച ചില തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതാണ് താമസം.

ശ്രീ. പി. കെ. ചാത്തൻ : മുനിസിപ്പാലിറ്റികൾക്കു ഗ്രാൻറ് നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ടോൾ കമ്പൽസേഷന്റെ അടിസ്ഥാനത്തിലാണ്. മറ്റു പ്രവർത്തനങ്ങളേയും അടിസ്ഥാനപ്പെടുത്തും. മുനിസിപ്പാലിറ്റിയുടെ സാമ്പത്തികമായ കഴിവും പരിഗണിക്കാറുണ്ട്.

ശ്രീ. പി. കെ. ചാത്തൻ : കൂടുതൽ അവശതയുള്ള മുനിസിപ്പാലിറ്റികൾക്ക് കൂടുതൽസംഖ്യ അനുവദിച്ചുകൊടുക്കുന്നുണ്ടെന്നു സർക്കാർ പറയുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും കഴിയുന്നത്ര പരിശ്രമിക്കണം. വരവ് കുറവുള്ള മുനിസിപ്പാലിറ്റികൾക്കു കൂടുതൽ ധനസഹായം ചെയ്യാമെന്നുവച്ചാൽ വരവുകൂട്ടാൻ മുനിസിപ്പാലിറ്റികൾ ശ്രമിക്കുകയില്ല.

ശ്രീ. പി. കെ. ചാത്തൻ: സാമ്പത്തികമായി കഴിവുകുറഞ്ഞ മുനിസിപ്പാലിറ്റികൾക്കു കൂടുതൽ ഗ്രാൻറ് നൽകുന്നതിനു ശുപാർശ ചെയ്യുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനാണ് ഞാൻ മുൻപു പറഞ്ഞ മറുപടി.

ശ്രീ. ജെ. എ ഭട്ട് : ഈ ഗ്രാൻറ് പുനഃപരിശോധിക്കണമെന്നുള്ളതിനെ പറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എടുത്തിട്ടില്ല.

ശ്രീ. പി. കെ. ചാത്തൻ : ഇതിനുമുമ്പ് എത്ര മുനിസിപ്പാലിറ്റികൾക്ക് ഗ്രാൻറ് നൽകിയെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സംസ്ഥാനത്തുള്ള എല്ലാ മുനിസിപ്പാലിറ്റികൾക്കും ഗ്രാൻറ് നൽകി.

പൊതു തിരഞ്ഞെടുപ്പ്.

* 534 [35] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സ്റ്റേറ്റിൽ അടുത്ത പൊതുതിരഞ്ഞെടുപ്പു നടക്കുന്ന അവസരത്തിൽത്തന്നെ തിരഞ്ഞെടുപ്പു നടക്കുമോ ;

(ബി) ഇതുസംബന്ധിച്ചു കേന്ദ്രഗവണ്മെൻറ് സംസ്ഥാനഗവണ്മെൻറിനോടു അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(സി) ഭാഷാസംസ്ഥാന രൂപീകരണം കഴിയുന്നതുംവേഗം നടപ്പിലാക്കിയതിനു ശേഷം തിരഞ്ഞെടുപ്പു നടത്തണമെന്നാണ് ബഹുജനാഭിപ്രായമെന്നതു ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ചു ഗവണ്മെൻറിന്റെ നിലപാടു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഇൻഡ്യൻ ഭരണഘടനയനുസരിച്ച് ഓരോ അസംബ്ലിക്കും അഞ്ചുകൊല്ലംവീതം കാലാവധിയുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇതു് കേന്ദ്രഗവണ്മെൻറ തീർച്ചപ്പെടുത്തേണ്ട സംഗതിയാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇതുസംബന്ധിച്ചു് സംസ്ഥാന ഗവണ്മെൻറിൻെറ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. എ. ജെ ജാൻ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. സാധാരണഗതിയിൽ 1959-ൽ ആയിരിക്കും ഇലക്ഷൻ നടക്കുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ: കേരളസംസ്ഥാനം നിലവിൽ വന്നശേഷം നമ്മുടെ രാജ്യത്തു ഒരു പുതിയ തിരഞ്ഞെടുപ്പു വേണ്ടിവരികയില്ലേ?

ശ്രീ. എ. ജെ. ജാൻ: അതിൻെറ രൂപീകരണം ആയിട്ടില്ല. അതു കഴിഞ്ഞശേഷം കേന്ദ്രഗവണ്മെൻറാണു് അതിനെപ്പറ്റി അവസാനമായി അഭിപ്രായം പുറപ്പെടുവിക്കേണ്ടതു്.

എൻ. ഈ. എസ്. ബ്ലോക്കിൽനിന്നും കടം കൊടുത്തിട്ടുള്ളവർ.

* 535. [36] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഈ. എസ്. ബ്ലോക്കിൽനിന്നു് ഈയിടെ കടം കൊടുത്തിട്ടുള്ളതിൽ സാധുക്കളായ കൃഷിക്കാർക്കു് ആശ്വാസം കിട്ടിയിട്ടില്ലായെന്നു് കേൾക്കുന്നതു ശരിയാണോ;

(ബി) ചിറ്റൂർ എൻ. ഈ. എസ്. ബ്ലോക്കിൽനിന്നു് എത്ര പേർക്ക്, എത്ര രൂപാവീതമാണു് കടം കൊടുത്തിട്ടുള്ളതു്.

(സി) അവരുടെ പേരു വിവരങ്ങളും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) എൻ. ഈ. എസ്. ബ്ലോക്കിൽനിന്നു ഈയിടെ കടംകൊടുത്തിട്ടുള്ളതിൽ സാധുക്കളായ കൃഷിക്കാർക്കു ആശ്വാസം കിട്ടിയിട്ടില്ലെന്നു കേൾക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല.

(ബി, സി) ചിറ്റൂർ എൻ. ഈ. എസ്. ബ്ലോക്കിൽനിന്നു് ഇരുന്നൂറിനു താഴെയുള്ള അപേക്ഷകർക്കു കടം കൊടുത്തിട്ടുണ്ടു്. അവരുടെ പേരും, അപേക്ഷകളുടെ തീയതിയും കൊടുത്തിട്ടുള്ള തുകയും അടങ്ങിയ † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ. കെ. എ. ശിവരാമഭാരതി: തൃശ്ശൂർ ഡിസ്ട്രിക്റ്റിലുള്ള വലിയ ജന്മികൾക്കല്ലാതെ സാധുക്കളായ ആളുകൾക്കു ആശ്വാസമൊന്നും കിട്ടിയിട്ടില്ലെന്നറിയാമോ?

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly